ഭരണസമിതിക്ക് അധികാരമില്ല. അവർ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിലാണ്. അതുകൊണ്ട് ഭരണസമിതിക്ക് നിലവിലുള്ള ആഡിറ്റർമാരെ നിയന്ത്രിക്കാനുള്ള അധികാരം ലഭിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ചത്, യഥാസമയം ആഡിറ്റ് നടപ്പാക്കാതെ വരുന്നതിന്റെ ഫലമായി കുടിശ്ശികയും സാമ്പത്തിക ബാധ്യതയും വരികയും അത്തരം സംഘങ്ങളിൽ പ്രത്യേകിച്ച് ഒരു നിയന്ത്രണം ഇല്ലാതിരിക്കുകയും ചെയ്യുന്നത് കൂടുതൽ പ്രശ്നം സൃഷ്ടിക്കുന്നു എന്നുള്ളതാണ്. ഈ പ്രശ്നങ്ങളെല്ലാം ഗൗരവമായി പരിശോധിച്ചുകൊണ്ടാണ് ഈ ആക്ടിൽ തന്നെ 63-ാം വകുപ്പ് അനുസരിച്ച് ഒരു പ്രത്യേക വിഭാഗമായത്. ആഡിറ്റിൽ ഇന്ന് അനുഭവപ്പെടുന്ന നാനാതരത്തിലുള്ള ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനാണ് ഒരു ഡയറക്ടറുടെ കീഴിൽ കൊണ്ടുവന്ന് പുനഃസംവിധാനം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളത്. അതിലൂടെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവുകൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. അലി ഹസ്സൻ : സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് സ്വന്തമായി ഫണ്ടില്ല. ഡെപ്പോസിറ്റ് വാങ്ങാൻ അവകാശമില്ല. അതുകൊണ്ട് ലോണുകളും മറ്റും കൊടുക്കാനും കഴിയുന്നില്ല. ഫണ്ടിന്റെ കുറവുകൊണ്ട് ഈ ബാങ്കുകളിൽ സ്ഥിരമായി നിയമിക്കപ്പെടുന്ന കൺകറന്റ് ആഡിറ്റേഴ്സിന് ശമ്പളം കൊടുക്കാൻ സാധ്യമല്ലാത്തതുകൊണ്ട് ഗവൺമെന്റ് നേരിട്ടുതന്നെ ശമ്പളം കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ഞാൻ അതിന് മറുപടി പറഞ്ഞു.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി

2 (*332) ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കുറഞ്ഞ കൂലി വേതന നിർണ്ണയ പട്ടികയുടെ പരിധിയിൽ ഏതെല്ലാം മേഖലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി, (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ,

(എ) ഗവൺമെന്റ് നിയോഗിക്കുന്ന മിനിമം വേതന കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നോട്ടിഫിക്കേഷൻ രീതിയിലുമാണ് അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറഞ്ഞകൂലി നിശ്ചയിച്ചിട്ടുള്ള മേഖലകൾ താഴെ ചേർക്കുന്നു. ഐസ് ഫാക്ടറികൾ, തീപ്പെട്ടി വ്യവസായം, ഹോസ്റ്റലുകൾ, ബ്രിക്സ് നിർമ്മാണം, മലഞ്ചരക്കു വ്യവസായം, പ്ലാന്റേഷനുകൾ, മൈനർ പോർട്ടുകൾ, റബ്ബർ പ്രോഡക്ട്സ് വ്യവസായം, കടകളും വാണിജ്യസ്ഥാപനങ്ങളും, റബ്ബർ ക്രേപ്പ് മില്ലുകൾ, മൈനർ എഞ്ചിനീയറിംഗ്, മൽസ്യസംസ്കരണം, കൈത്തറി വ്യവസായം, കശുവണ്ടി വ്യവസായം, ഓയിൽ മില്ലുകൾ, എൽ. പി. ഗ്യാസ് ഏജൻസികൾ, കൈത്തറി വ്യവസായത്തിലെ മാസശമ്പള വിഭാഗം, ലൈറ്റ് മോട്ടോർ വെഹിക്കിൾസ്.

(സി) മിനിമം വേജസ് ആക്ടിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 69 തൊഴിൽ മേഖലകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ശ്രീ. എം. മുരളി : മിനിമം കൂലി പുതുക്കേണ്ട കാലാവധി കഴിഞ്ഞിട്ടും ഏതെല്ലാം തൊഴിൽ മേഖലകളിലുള്ള തൊഴിലാളികൾക്ക് മിനിമം കൂലി പുതുക്കി നിശ്ചയിക്കാതെ ഉണ്ട് ; അതിനുള്ള കാരണങ്ങൾ എന്താണ് ; ഇപ്പോൾ ഏതെല്ലാം മേഖലകളിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട് ; അതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നുണ്ടോ എന്നുള്ള വിവരങ്ങൾ വ്യക്തമാക്കാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : മിനിമം വേജസ് മേഖലയിലുള്ള വ്യവസായങ്ങൾക്ക് ഓരോ 5 വർഷം കഴിയുമ്പോഴും ആണ് കൂലി പുതുക്കി നിശ്ചയിക്കുന്നത്. 5 വർഷം കഴിഞ്ഞതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള എല്ലാ മേഖലകളിലും ഇപ്പോൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ഓയിൽ പ്ലാന്റേഷൻസ്
2. നദികളിൽ നിന്നും മണൽവാരലും കയറ്റിറക്കലും
3. ബ്ലോക്ക് റബ്ബർ ഫാക്ടറീസ്
4. കാർഷിക പ്രവർത്തനങ്ങൾ
5. ഹോസിയറി വ്യവസായം
6. കയർ വ്യവസായം. ഇത്രയും വ്യവസായത്തിൽ ഇപ്പോൾ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്ന നടപടി പൂർത്തിയായി വരികയാണ്.

ശ്രീ. എം. മുരളി : കാലാവധി കഴിഞ്ഞിട്ടും സ്വകാര്യആശുപത്രി ജീവനക്കാരുടെ മിനിമംകൂലി പുതുക്കി നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് നോട്ടിഫിക്കേഷനും കരടു വിജ്ഞാപനവും പുറപ്പെടുവിച്ചു കഴിഞ്ഞിട്ടും അത് നീണ്ടുപോവുകയാണ്. ഈ ജീവനക്കാരുടെ മിനിമം കൂലി മറ്റു തടസ്സങ്ങളൊക്കെ മാറ്റി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്ന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഉപദേശകസമിതിയുടെ അതായത് സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഒരു മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ പരിഗണനയ്ക്കയയ്ക്കുകയും അവരുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള അന്തിമ വിജ്ഞാപനം. അതായത് അടിയന്തിരമായി കരടു നൽകുവാൻ ലേബർ കമ്മിഷണറോട് ആവശ്യപ്പെടുകയും ചെയ്തു.

ശ്രീ. പി. ജെ. ജോയി : മിനിമംകൂലി പുതുക്കി നിശ്ചയിക്കുന്ന പട്ടിക ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി കാലാവധി തീർന്നിട്ട് 11 മാസം പിന്നിടുകയാണ്. അത് പുതുക്കി നിശ്ചയിക്കുമെന്ന് ഇന്ന് ചില പത്രങ്ങളിൽ വാർത്തവന്നു. എന്നേയ്ക്ക് അത് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : തോട്ടം തൊഴിലാളിമേഖലയിലുള്ള മിനിമം വേജസ് പുതുക്കി നിശ്ചയിക്കേണ്ട കാലാവധി കഴിഞ്ഞു. ഇന്നലെ അതിന്റെ തീരുമാനമായി. ഇന്നലെ രാത്രിയിലാണ് കരാർ ഒപ്പുവച്ചത്.

ശ്രീ. പി. ജെ. ജോയി : സംസ്ഥാന ബാംബൂ കോർപ്പറേഷൻ മേഖലയിലും അതുപോലെ സ്വകാര്യ മേഖലയിലും അസംഘടിതരായ തൊഴിൽവിഭാഗം ആണ് ജോലിചെയ്യുന്നത്. അവർക്കുവേണ്ടി ഒരു ക്ഷേമനിധി ബിൽ സഭ പാസാക്കി. അതിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ ബോർഡ് ഇതുവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ആ ക്ഷേമനിധി എന്നുമുതൽ ഈ തൊഴിലാളികൾക്ക് പ്രയോജനകരമായി നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അടിയന്തിരമായി നടപ്പാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ സ്റ്റാഫ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് ഫിനാൻസ് ഡിപ്പാർട്ടുമെന്റിലേക്ക് എഴുതിയിരിക്കുകയാണ്. ഫിനാൻസിന്റെ ഉത്തരവു കിട്ടിയാൽ ഉടൻതന്നെ നടപടി പൂർത്തീകരിക്കും.

ശ്രീ. എം. വി. ജയരാജൻ : ബീഡിത്തൊഴിലാളികളുടെ മിനിമംകൂലി പുതുക്കി നിശ്ചയിച്ചിട്ട് ഏറെ വർഷങ്ങളായി. അവർ വളരെ ചുരുങ്ങിയ കൂലിയിൽ ജോലി ചെയ്യുന്ന തൊഴിലാളികളാണ്. മിനിമംകൂലി പുതുക്കി നിശ്ചയിക്കാൻ വല്ല നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി ആ കാര്യത്തിൽ തീരുമാനമെടുക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സാധാരണ മിനിമം വേജസ് നടപ്പാക്കുന്നത് അസംഘടിത മേഖലയിലെ തൊഴിലാളികളെ ഉദ്ദേശിച്ചാണ്. കേരളത്തിലെ പ്ലാന്റേഷനാണെങ്കിലും, ബീഡി, കയർ, കശുവണ്ടി എന്നീ വ്യവസായങ്ങളെല്ലാം ഓർഗനൈസ്ഡ് സെക്ടറിലാണ്. മോട്ടോർ വെഹിക്കിൾസ് മേഖലയിൽ മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഫെയർ വേജസ് ഏർപ്പെടുത്തിയിരിക്കുന്നത്; അതുകൊണ്ട് മേൽപ്പറഞ്ഞ മേഖലകളിൽ ഫെയർ വേജസ് ഏർപ്പെടുത്താനുള്ള ഒരു നിയമ നിർമ്മാണത്തിന് ഗവൺമെന്റ് തയ്യാറാകുമോ ; അതു നടപ്പാക്കാൻ തയ്യാറാകുന്നതു വരെ ഗവൺമെന്റ് ആ വ്യവസായത്തിൽ മിനിമം വേജസ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ പിന്നെ റിവൈസ് ചെയ്യാൻ കമ്മിറ്റി മെത്തേഡ് ഉപയോഗിക്കുന്നതിനുപകരം നോട്ടിഫിക്കേഷൻ മെത്തേഡ് ഉപയോഗിക്കാൻ തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇപ്പോൾ അങ്ങനെയാണ് മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നത്. പുതുക്കി നിശ്ചയിക്കുന്നതിൽ പല വ്യവസായങ്ങളിലും കമ്മിറ്റിയെ നിയമിക്കാറില്ല. അതിന് നോട്ടിഫിക്കേഷനുണ്ടാക്കി ഒബ്ജക്ഷൻസ് കാൾഫോർ ചെയ്ത് മിനിമം വേജസ് സ്റ്റേറ്റ് അഡ്വൈസറി ബോർഡ് പരിശോധിച്ച് ഡിക്ലയർ ചെയ്യുക എന്നതാണ് ഇപ്പോൾ സ്വീകരിച്ചുവരുന്ന നയം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കശുവണ്ടി, കയർ തുടങ്ങിയ സംഘടിതമേഖലകളിലൊക്കെ ഫെയർ വേജസ് ഏർപ്പെടുത്തത്തക്ക നിലയിൽ വ്യവസായത്തിന്റെ സ്റ്റെബിലിറ്റി വർദ്ധിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചശേഷം അത് ഏർപ്പെടുത്താൻ കഴിയുമോ എന്നു നോക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്ഥിതിക്ക് തീർച്ചയായും അത് ഏർപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : 5 വർഷം കൂടുമ്പോൾ മിനിമം വേജസ് പുതുക്കി നിശ്ചയിക്കണമെന്നുള്ള നിയമവും വ്യവസ്ഥയുമൊക്കെ ഉണ്ടെങ്കിൽത്തന്നെയും പന്ത്രണ്ട്, പതിമൂന്ന് വർഷമൊക്കെ നീണ്ടുപോകുന്ന അനുഭവം നമ്മുടെ മുമ്പിലുണ്ട്. അങ്ങനെ മിനിമംകൂലി പുതുക്കി നിശ്ചയിച്ച് നോട്ടിഫൈ ചെയ്ത് കാലയളവ് പിന്നിടുമ്പോൾ തൊഴിലാളികൾക്ക് ഉണ്ടാകുന്ന ഭീമമായ നഷ്ടം കണക്കിലെടുത്തുകൊണ്ട് മുൻകാല പ്രാബല്യത്തോടുകൂടി കൊടുക്കാൻ നിയമത്തിൽ ആവശ്യമായ ഭേദഗതിവരുത്താൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : മിനിമം വേജസ് ആക്ടിലെ സെക്ഷൻ 3(1)ന് ഉള്ള പ്രൊവൈസോ പ്രകാരം ആണ് പുതുക്കിയ കൂലി നിശ്ചയിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുപോലെ 5 വർഷം കഴിഞ്ഞിട്ടും കൂലി പുതുക്കി നിശ്ചയിക്കാത്ത വ്യവസായ മേഖലയിൽ കൂലി പുതുക്കി നിശ്ചയിക്കുമ്പോൾ മുൻകാല പ്രാബല്യം നൽകുന്നതിനെക്കുറിച്ച് ഇതുവരെ ഒരു പരിശോധന നടന്നിട്ടില്ല. മുൻകാലപ്രാബല്യത്തോടുകൂടി ഏർപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. ഇന്നലെ തോട്ടം തൊഴിലാളികളുടെ മിനിമംകൂലി പുതുക്കി നിശ്ചയിച്ചപ്പോൾ എന്നാണ് അതിന്റെ കാലാവധി തീർന്നത് ആ കാലാവധി മുതൽ തോട്ടം തൊഴിലാളികൾക്കും ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന പുതുക്കിയ കൂലി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ പല വ്യവസായങ്ങളിലും ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : കേരളത്തിൽ ഏറ്റവും കുറഞ്ഞ കൂലി വാങ്ങുന്ന തൊഴിലാളികളാണ് ഖാദി മേഖലയിൽ പണിയെടുക്കുന്നവർ. ഒരു ദിവസം 16 രൂപയൊക്കെയാണ് അവർക്ക് കിട്ടുന്നത് എന്നത് അൽഭുതംതന്നെയാണ്. അതുകൊണ്ട് ഏറ്റവും കുറഞ്ഞ കൂലിക്ക് പണിയെടുക്കുന്ന ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അത് പരിശോധിക്കുന്നതാണ്. അതിനെ മിനിമം വേജസിന്റെ പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു : സംസ്ഥാനത്ത് വിവിധ മേഖലകളിൽ മിനിമം വേജസ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഭൂരിപക്ഷം മേഖലയിലും ആ കൂലി കിട്ടുന്നില്ല. അതുകൊണ്ട് പ്രഖ്യാപിച്ച മിനിമം വേജസ് തൊഴിലാളികൾക്ക് കിട്ടുമെന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : മിനിമം വേജസ് കൊടുക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും ലേബർ ഉദ്യോഗസ്ഥന്മാരുടെ എൻഫോഴ്സ്മെന്റ് സ്കാഡ് രൂപീകരിച്ചിട്ടുണ്ട്. അതിനാവശ്യമായ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. വളരെ സംഘടിതമായി നിയമലംഘനം നടത്തുന്ന ചില വ്യവസായങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട വ്യവസായമാണ് കശുവണ്ടി. ആ മേഖലയിൽ സംസ്ഥാനത്തൊട്ടാകെ ശക്തമായ നിലയിൽ എൻഫോഴ്സ്മെന്റ് സംവിധാനമുണ്ടാക്കി പ്രവർത്തിച്ചുകഴിഞ്ഞു. ചില സ്ഥലങ്ങളിലൊക്കെ അതിനെ തടസ്സപ്പെടുത്താൻ കശുവണ്ടിമുതലാളിമാർ ശ്രമിക്കുന്നുണ്ട്. ഇവിടെത്തന്നെ ബഹുമാനപ്പെട്ട എം. എൽ. എ., ശ്രീ. എഴുകോൺ നാരായണൻ ഒരു പരാതി പറയുകയുണ്ടായി. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു, മിനിമം വേജസ് നടപടികളെ സംബന്ധിച്ച് പരിശോധിക്കാൻ ചെല്ലുന്ന ഉദ്യോഗസ്ഥന്മാരെ തടസ്സപ്പെടുത്തുക, ഭീഷണിപ്പെടുത്തുക അങ്ങനെയുള്ള നയം സ്വീകരിച്ചാൽ അത്തരം ഫാക്ടറികളുടെ ലൈസൻസ് നഷ്ടപ്പെടുത്തുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ശ്രീ. എം. ദാസൻ : കേരളത്തിലെ സിനിമാ തിയേറ്ററുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് ഒരു കമ്മിഷനെ നിശ്ചയിച്ചിരുന്നു. ആ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ഇതുവരെ ആ റിപ്പോർട്ട് നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സിനിമാ തൊഴിലാളികളുടെ മിനിമം വേതന കമ്മിറ്റി 22-5-1999-ൽ റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെയടിസ്ഥാനത്തിൽ ലേബർ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള കരടുവിജ്ഞാപനം മിനിമം വേതന ഉപദേശകസമിതിയുടെ അഭിപ്രായത്തിന് അയച്ചിരിക്കുകയാണ്. ആ കമ്മിറ്റി റിപ്പോർട്ട് കിട്ടിയാലുടൻതന്നെ അത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശുദ്ധജലം ലഭ്യമാക്കാൻ നടപടി

3 (*333) ശ്രീ. കെ. ബാബു :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[7-3-2000 -ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 2(*332) കാണുക]

1. എംപ്ലോയ്മെന്റ് ഇൻവൂളൻ കാർപെറ്റ്സ്
2. റൈസ് മിൽ, ദാൽ മിൽക്ക്
3. ടുബാക്കോയും ബീഡി നിർമ്മാണവും
4. തോട്ടം മേഖല
5. ഓയിൽ മില്ലുകൾ
6. എംപ്ലോയ്മെന്റ് ഇൻ ലോക്കൽ അതോറിറ്റി
7. റോഡുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണവും അറ്റകുറ്റപ്പണികളും
8. കല്ലുടയ്ക്കലും പാറപൊടിക്കലും
9. ലാക്ക് നിർമ്മാണം
10. മൈക്ക വർക്സ്
11. പബ്ലിക് മോട്ടോർ ട്രാൻസ്പോർട്ട്
12. ടാനറീസ്, റബ്ബർ നിർമ്മാണം
13. കയർ വ്യവസായം
14. കശുവണ്ടി വ്യവസായം
15. യാർട്ട്പാൻ
16. വാട്ടർറോഡ് ട്രാൻസ്പോർട്ട് (മോട്ടോർ റോഡ് ട്രാൻസ്പോർട്ട് ഒഴികെ)
17. പ്രിന്റിംഗ് പ്രസ്
18. ഓട് വ്യവസായം
19. കള്ളുചെത്ത് വ്യവസായം
20. തീപ്പെട്ടി വ്യവസായം
21. കടകളും വാണിജ്യ സ്ഥാപനങ്ങളും
22. തടി വ്യവസായം
23. ഇഷ്ടിക നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

24. എംപ്ലോയ്മെന്റ് ഇൻ ബാങ്ക്സ്
25. കൈത്തറി വ്യവസായം
26. പ്ലൈവുഡ് വ്യവസായം
27. മൈനർ പോർട്ട്സ്
28. ഫോറസ്റ്റുകൾ
29. റബ്ബറുൽപ്പന്നങ്ങൾ
30. മൈനർ എഞ്ചിനീയറിംഗ്
31. ചെറുകിട ഡാമുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും
32. മത്സ്യ സംസ്കരണവും കയറ്റുമതിയും
33. മലഞ്ചരക്കു വ്യവസായം
34. ആയുർവേദ- അലോപ്പതി മരുന്നു നിർമ്മാണം
35. എംപ്ലോയ്മെന്റ് ഇൻ പവർലൂം വ്യവസായം
36. ആനയുടെ പരിപാലനം
37. കൊപ്രാ വ്യവസായം
38. ഫോഡുലറി മാനുഫാക്ചറിംഗ്
39. ഐസ് ഫാക്ടറികൾ
40. കുട നിർമ്മാണം
41. ഹോസ്റ്റലുകൾ
42. റബ്ബർ ക്രേപ്പ്മില്ലുകൾ
43. മദ്യവ്യവസായം
44. സിനിമാ തീയേറ്ററുകൾ
45. ക്രംപ് റബ്ബർ
46. മണൽവാരലും കയറ്റിറക്കും
47. അലുമിനിയം-ടിൻനിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

48. ലൈറ്റ് മോട്ടോർ വെഹിക്കിൾസ്

49. എണ്ണപ്പന കൃഷി

50. മാർബിൾ ആന്റ് ഗ്രാനൈറ്റ്

51. ബേക്കറി, ടോപ്പി

52. ഇലക്ട്രിക് എക്വിപ്മെന്റ് ആന്റ് സോഫ്റ്റ് വെയർ

53. സോപ്പുനിർമ്മാണം

54. കമ്പ്യൂട്ടർ സോഫ്റ്റ് വെയർ വ്യവസായം

55. പ്ലാസ്റ്റിക് വ്യവസായം

56. വയർകട്ട് ബ്രിക്സ്

57. സ്ക്രീൻ പ്രിന്റിംഗ്

58. ഹാന്റിക്രാഫ്റ്റ്സ്

59. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

60. ഫിലിം നിർമ്മാണ വ്യവസായം

61. ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ്

62. ഖാദി വ്യവസായം

63. ചൂരൽ-മുള വ്യവസായം

64. ചലച്ചിത്ര നിർമ്മാണം, ടെലിഫിലിം നിർമ്മാണം

65. സ്വകാര്യ വിദ്യാലയങ്ങളിലെ അദ്ധ്യാപകരല്ലാത്ത ജീവനക്കാർ

66. സെക്യൂരിറ്റി സർവ്വീസ്

67. യന്ത്രവൽകൃത മൽസ്യബന്ധന മേഖല

68. സ്വകാര്യ ആശുപത്രികൾ

69. എൽ. പി. ഗ്യാസ് ഏജൻസികൾ

LIBRARY ARCHIVES Kerala Legislative Assembly